**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **07-12-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം കോളനി വികസന പദ്ധതിയിൽ ഉൾപ്പെട്ട എസ്.സി./എസ്.ടി. കോളനികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ പുത്തിഗെ പഞ്ചായത്തിലെ ബാഡൂർ എസ്.സി.കോളനി, മംഗൽപ്പാടി പഞ്ചായത്തിലെ പുളിക്കുത്തി എസ്.സി.കോളനി എന്നിവ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം കോളനി വികസന പദ്ധതിയിലും, ബെരിക്കുഞ്ചെ പട്ടികവർഗ്ഗ കോളനി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കി വരുന്നു.<br><br>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഡി.പി.ആർ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളുടെ നിർവഹണ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസി കാസറഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രവും, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസി പുത്തിഗെ ഗ്രാമപഞ്ചായത്തുമാണ്. |
| (ഡി) | പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2023-24 സാമ്പത്തിക വർഷം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ